പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1739

16.3.2015-ൽ മറുപടിക്ക്

## മിഷൻ 676-ൽ ഉൾപ്പെടുത്തി ക്ലീൻ കേരള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>" അൻവർ സാദത്ത്<br>" ബെന്നി ബെഹനാൻ<br>" സി.പി. മുഹമ്മദ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | മിഷൻ 676 -ൽ ഉൾപ്പെടുത്തി ക്ലീൻ കേരള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | <u>പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയ പുന:ചംക്രമണവും</u><br>പദ്ധതിയുടെ വിജയകരമായ നടത്തിപ്പിലൂടെ സംസ്ഥാനത്തെ പരിസ്ഥിതിക്ക് കോട്ടം സംഭവിക്കുന്ന രീതിയിൽ ഓടകളിലും, വഴിയരികിലും, ചിതറിക്കിടന്നിരുന്ന 70 ടൺ അതീവഹാനികരമായ പ്ലാസ്റ്റിക് മാലിന്യത്തിന്റെ വിപരീത പ്രത്യാഘാതങ്ങളിൽ നിന്നും സംസ്ഥാനത്തെ മുക്തമാക്കുവാൻ ക്ലീൻ കേരള കമ്പനിക്ക് സാധിച്ചിട്ടുണ്ട്.<br><u>ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയമായ പുന:ചംക്രമണവും</u><br>സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വർഷങ്ങളായി സംസ്കരിക്കപ്പെടാതെ കിടക്കുന്ന ഇ-മാലിന്യങ്ങളും ദിവസേന പുറന്തള്ളുന്ന ഇ-മാലിന്യങ്ങളും നിയമപ്രകാരമുള്ള ശാസ്ത്രീയമായ പുന:ചംക്രമണത്തിനും തുടർന്നുള്ള സംസ്കരണത്തിനുമുള്ള പ്രോജക്ട് നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം 58 ടണ്ണോളം ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുന:ചംക്രമണത്തിന് വിധേയമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.<br>സി.എൻ.ജി ബോട്ട്ലിംഗ് പ്ലാന്റുകൾ സ്ഥാപിച്ച് സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും ഉത്ഭവിക്കുന്ന ജൈവമാലിന്യങ്ങളിൽ നിന്നും കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് ഉത്പാദിപ്പിക്കുവാനും പദ്ധതിയുണ്ട്. കംപ്രസ്ഡ് നാച്ചുറൽ ഗ്യാസിന്റെ ഉത്പാദനത്തിലൂടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്താൻ കഴിയും. |

(സി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

സി) പ്രസ്തുത പദ്ധതികളെല്ലാം നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഡി) പ്ലാസ്റ്റിക് ശേഖരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും, സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വ്യവസായസ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ ലാപ്ടോപ്പുകൾ ടെലിഫോണുകൾ, മൊബൈൽ ഫോണുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയറുകൾ, സ്കാനറുകൾ, ക്യാമറകൾ, സ്വിച്ചുകൾ, ഫാൻ, എയർകണ്ടീഷനറുകൾ, ഇലക്ട്രിക്കൽ മോട്ടോറുകൾ, ജനറേറ്ററുകൾ, കേബിളുകൾ തുടങ്ങി എല്ലാ ഇലക്ട്രോണിക്, ഇലക്ട്രിക് മാലിന്യങ്ങളും കിലോക്ക് 5 രൂപ നിരക്കിൽ രസീത് കൈപ്പറ്റി ക്ലീൻ കേരള കമ്പനിയെ ഏൽപിക്കേണ്ടതാണ് എന്ന ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ